# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## മരാമത്ത്‌വകുപ്പ്

No. TDB/EEK/02/2016-17 **ക്വട്ടേഷൻ പരസ്യം**

തിരുവിതാംകൂർ ദേവസ്വംബോർഡിനു വേണ്ടി താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പരിചയ സമ്പന്നരും സാമ്പത്തിക ഭദ്രതയുമുള്ള തിരുവിതാംകൂർ ദേവസ്വംബോർഡിലെ അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ മുദ്രവച്ച കവറിൽ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | ക്വട്ടേഷൻ നമ്പർ | പ്രവൃത്തിയുടെ പേരും പ്രതീക്ഷിക്കുന്ന അടങ്കൽ തുകയും | നിരതദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) (നികുതികൾ പുറമെ) |
|---|---|---|---|---|
| 01 | Q-10/EEK/16-17 | പറവൂർ ഗ്രൂപ്പിൽപ്പെട്ട വാമനമൂർത്തി ക്ഷേത്രത്തിലെ ഓഡിറ്റോറിയത്തിന്റെ സമീപം ഓട നിർമ്മിക്കുന്ന പ്രവർത്തിയും ഏതാനും നവീകരണ പ്രവർത്തനങ്ങളും PAC Rs. 414489/- | 10400/- | 850 + VAT |
| 02 | Q-11/EEK/16-17 | ടി ദേവസ്വത്തിന്റെ മുൻപിലുള്ള മൈതാനത്ത് ഓട നിർമ്മിക്കുന്ന പ്രവർത്തി PAC Rs. 329457/- | 8300/- | 700 + VAT |
| 03 | Q-12/EEK/16-17 | ടി. ഗ്രൂപ്പിൽപ്പെട്ട കാക്കനാട് പാട്ടുപുരക്കാവു ദേവസ്വത്തിലെ സദ്യാലയത്തിൽ പി.വി.സി. സീലിംഗും അലുമിനിയം ജനലുകൾ വയ്ക്കുന്നതുമായ പ്രവർത്തി PAC Rs. 755713/- | 18900/- | 1550 + VAT |
| 04 | Q-13/EEK/16-17 | ടി. ദേവസ്വത്തിലെ സദ്യാലയത്തിന്റെ മുൻ ഭാഗത്തുള്ള മൈതാനത്തിന്റെ നവീകരണം PAC Rs. 798088/- | 20000/- | 1600 + VAT |
| 05 | Q-14/EEK/16-17 | തൃക്കാരിയൂർ ഗ്രൂപ്പിൽപ്പെട്ട വടൂർതൃക്ക ദേവസ്വത്തിന്റെ ഇലക്ട്രിക്കൽ വർക്കുകൾ PAC Rs. 262697/- | 6600/- | 550 + VAT |

**നിബന്ധനകൾ**

1. നിരതദ്രവ്യം ഓരോ പ്രവർത്തിക്കും പ്രത്യേകം പ്രത്യേകം ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് കോട്ടയം എക്സിക്യൂട്ടിവ് എൻജിനീയറുടെ പേരിൽ പണയപ്പെടുത്തി ഡെപ്പോസിറ്റ് രസീതായി ഹാജരാക്കേണ്ടതാണ്.
2. ദർഘാസ് പ്രമാണങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് ലഭിക്കുന്നതും, ആയതിന്റെ അവസാന തീയതി 19-08-2016 ഉച്ചയ്ക്ക് ഒരുമണിവരെ ആയിരിക്കുന്നതുമാണ്.
3. ക്വട്ടേഷനുകൾ അതേ ദിവസം പകൽ 3 മണിവരെ സ്വീകരിക്കുന്നതും അന്നേദിവസം 3.30 ന് സന്നിഹിത രായിരിക്കുന്ന കരാറുകാരുടെയോ അവർ അധികാരപ്പെടുത്തിയ ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്.

4. കരാറുകാരുടെ തരംതിരിവ് സിവിൽ 5 ലക്ഷംരൂപാ വരെ അടങ്കൽ തുക വരുന്ന ജോലികൾക്ക് 'ഡി' ക്ലാസ്സും ഉപരിയും 15 ലക്ഷംവരെയുള്ളവർക്ക് 'സി' ക്ലാസും ഉപരിയും 55 ലക്ഷംവരെയുള്ളവർക്ക് 'ബി' ക്ലാസും ഉപരിയും അതിനു മുകളിലുള്ളവർക്ക് 'എ' ക്ലാസ്സും.
5. ക്വട്ടേഷൻ സംബന്ധമായി തിരുവിതാംകൂർദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനു ബാധകമായിരിക്കും. ക്വട്ടേഷൻ യാതൊരുകാരണവും കാണിക്കാതെ നിരസിക്കുന്നതിനുള്ള അധികാരം ബോർഡിന് ഉണ്ടായിരിക്കും. ഏതെങ്കിലും കാരണവശാൽ ക്വട്ടേഷൻ തുറക്കുന്ന ദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം മേൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.
6. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിനു വിധേയമായി മാത്രമേ പ്രവൃത്തിക്കുള്ള അനുവാദ ഉത്തരവ് നൽകുകയുള്ളു.

(ഒപ്പ്)

ജി.എസ്.ബൈജു
എക്സിക്യൂട്ടീവ് എൻജിനീയർ
(ഇൻ ചാർജ്)
(തിരുവിതാംകൂർദേവസ്വംബോർഡിനുവേണ്ടി)

എക്സിക്യൂട്ടീവ്എഞ്ചിനീയറുടെകാര്യാലയം
തിരുവിതാംകൂർദേവസ്വംബോർഡ്, തിരുനക്കര, കോട്ടയം
ഫോൺ : 0481 - 2566227

തീയതി : 12-08-2016